# എ.എം.എം ഹൈസ്കൂൾ, ഓതറ




# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025- 2026

പുല്ലാട് ഉപജില്ല

തിരുവല്ല  വിദ്യാഭാസ ജില്ല

പത്തനംതിട്ട ജില്ല.

# AMM HIGH SCHOOL,OTHERA

# ACADEMIC MASTER PLAN

| വിലാസം | |
|---|---|
| ഓതറ വെസ്റ്റ്<br>ഓതറ വെസ്റ്റ് പി.ഒ.<br>689551,പത്തനംതിട്ട ജില്ല | |
| **സ്ഥാപിതം** | 01 - 06 - 1964 |
| **വിവരങ്ങൾ** | |
| **ഫോൺ** | 0469 2656722 |
| **ഇമെയിൽ** | ammhsothera@gmail.com |
| **കോഡുകൾ** | |
| **സ്കൂൾ കോഡ്** | 37015 (സമേതം) |
| **യുഡൈസ് കോഡ്** | 32120600414 |
| **വിക്കിഡാറ്റ** | Q87592067 |
| **വിദ്യാഭ്യാസ ഭരണസംവിധാനം** | |
| **റവന്യൂ ജില്ല** | പത്തനംതിട്ട |
| **വിദ്യാഭ്യാസ ജില്ല** | തിരുവല്ല |
| **ഉപജില്ല** | പുല്ലാട് |
| **ഭരണസംവിധാനം** | |
| **ലോകസഭാമണ്ഡലം** | പത്തനംതിട്ട |
| **നിയമസഭാമണ്ഡലം** | തിരുവല്ല |
| **താലൂക്ക്** | തിരുവല്ല |
| **ബ്ലോക്ക് പഞ്ചായത്ത്** | പുളിക്കീഴ് |
| **തദ്ദേശസ്വയംഭരണ സ്ഥാപനം** | കുറ്റൂർ പഞ്ചായത്ത് |
| **വാർഡ്** | 7 |
| **സ്കൂൾ ഭരണ വിഭാഗം** | |
| **സ്കൂൾ ഭരണ വിഭാഗം** | എയ്ഡഡ് |
| **സ്കൂൾ വിഭാഗം** | പൊതുവിദ്യാലയം |
| **പഠന വിഭാഗങ്ങൾ** | ഹൈസ്കൂൾ |
| **സ്കൂൾ തലം** | 8 മുതൽ 10 വരെ |
| **മാദ്ധ്യമം** | മലയാളം, ഇംഗ്ലീഷ് |

# <u>ഉള്ളടക്കം</u>


1. ആമുഖം
2. പൊതു ലക്ഷ്യങ്ങൾ
3. Staff Statement
4. SSLC Result
5. Strength of Students
6. കാഴ്ചപ്പാട്
7. നേട്ടങ്ങൾ
8. പരിമിതികൾ/പ്രതിസന്ധികൾ
9. അക്കാദമിക മാസ്റ്റർ പ്ലാൻ

    - മലയാളം
    - □□□□□□
    - □□ □□□□
    - ശാസ്ത്രം
    - സാമൂഹ്യശാസ്ത്രം
    - ഗണിതം
    - Computer
    - പ്രവർത്തി പരിചയം
    - കായിക പഠനം

10. ഉപസംഹാരം

# ആമുഖം

പത്തനംതിട്ട ജില്ലയിലെ തിരുവല്ല വിദ്യാഭ്യാസ ജില്ലയിലെ പുല്ലാട് വിദ്യാഭ്യാസ ഉപജില്ലയിൽ  ഓതറ എന്ന കൊച്ചു ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന മാർത്തോമ്മാ മാനേജ്മെന്റിന്റെ കീഴിലുള്ള ഒരു എയിഡഡ് വിദ്യാലയമാണ് എ.എം.എം.ഹൈസ്ക്കൂൾ*ഓതറ.'ചൂളക്കുന്ന് സ്കൂൾ'* എന്ന പേരിലാണ് പൊതുവെ ഈ വിദ്യാലയം അറിയപ്പെടുന്നത്.

മാർത്തോമ്മാ സഭയുടെ സുവിശേഷവേല സ്ഥലമായ ഓതറയിൽ , നാനാജാതി മതസ്ഥരായ നാട്ടുകാരുടെ സഹകരണത്തിൽ 1964 ജൂൺ 1ന്  അഭിവന്ദ്യ ഡോ.യൂഹാനോൻ മാർത്തോമ്മാ മെത്രാപോലീത്താ  സ്കൂൾ ഉദ്ഘാടനം ചെയ്ത്പ്രാരംഭ ക്ലാസ്സ് എടുത്തു.

തിരുവല്ല, ചെങ്ങന്നൂർ എന്നീ നഗരങ്ങളുടെ ഇടയിൽ അല്പ്പം കിഴക്കോട്ട് നിങ്ങി സ്ഥിതി ചെയ്യുന്ന  ഓതറ എന്ന ഗ്രാമത്തിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. കിഴക്കനോ പടിഞ്ഞാറ്റോതറ എന്നിങ്ങനെ ഓതറയെ രണ്ടായി തിരിച്ചിരിക്കുന്നതിൽ പടിഞ്ഞാറ്റോതറയിലാണ് സ്കൂളിന്റെ സ്ഥാനം എം . സി റോഡിൽ കല്ലിശ്ശേരിയിൽ നിന്ന് 4 KM ഉം, ടി.കെ. റോഡിൽ നെല്ലാടുനിന്ന് 5 KM ഉം അകലത്തിലാണ് സ്കൂൾ .പത്തനംതിട്ട, ആലപ്പുഴ ജില്ലകളുടെ അതിർത്തി പങ്കി ടുന്ന സ്ഥലമാണ് ഓതറ. തെക്കുഭാഗത്ത് മംഗലവും പടിഞ്ഞാറ് ഭാഗത്ത് കുറ്റൂരും വടക്ക് ഭാഗത്ത് കോഴിമലയും കിഴക്ക് ഭാഗത്ത് നെല്ലിമലയും അതിരിടുന്നു. കാർഷിക വൃത്തിയിൽ വ്യാപൃതരായ ജനങ്ങൾ, പ്രസിദ്ധമായ പടയണി, പള്ളിയോടങ്ങൾ, ജനശ്രദ്ധയാകർഷിച്ച വരട്ടാർ എന്നിവ ഈ പ്രദേശത്തിൻ്റെ പ്രത്യേകതകൾ ആണ്.

# <u>പൊതുലക്ഷ്യങ്ങൾ</u>

- സ്കൂൾ പഠനം പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും മാതൃഭാഷ അനായാസം എഴു താനും വായിക്കാനും ഗ്രഹിക്കാനുമുള്ള ശേഷി വർദ്ധിപ്പിക്കുന്നു.
- To developing the skill of speaking, Listening, Reading and writing.
- രാഷ്ട്ര ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനും പ്രായോഗിക സന്ദർഭങ്ങളിൽ ഉപയോഗിക്കാനും കഴിവ് നേടുന്നു.
- എല്ലാ കുട്ടികളിലും സാമൂഹിക സാംസ്കാരിക പൗരാവബോധം വളർത്തുക
- എല്ലാ കുട്ടികളിലും ഗണിതാഭിരുചി വളർത്തുന്നതിനും പ്രായോഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഉള്ള കഴിവ് നേടുന്നു.
- എല്ലാ കുട്ടികളിലും ഗണിതാവബോധം വളർത്തുക
- നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ എല്ലാ വിഷയങ്ങളുടെയും അറിവിൻറെ വിശാലമായ ലോകത്തേക്കുള്ള വാതായനം തുറന്നുനൽകുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തുക
- കായിക പഠനത്തിലൂടെ നല്ല ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക.

# STAFF STATEMENT

## Teaching Staffs

| SL. NO | Name | Designation | Subject | Qualification | Date of Birth |
|---|---|---|---|---|---|
| 1 | Shaji Mathew.K | Headmaster | Biology | B.Sc B.Ed | 25.05.1975 |
| 2 | Sowmi Daniel | HST (MAL) | Malayalam | MA B.Ed | 25.05.1975 |
| 3 | Gracy Philip | HST (NS) | Biology | M.Sc B.Ed | 06.11.1973 |
| 4 | Annie.P.Thomas | HST(MATHS) | Mathematics | M.Sc B.Ed | 17.05.1973 |
| 5 | Dhanya Susan Koshy | HST (PS) | Chemistry, Physics | M.Sc M.Ed | 05.10.1989 |
| 6 | Meghna N.T | HST(SS) | Social Science | MA B.Ed | 04.04.1990 |
| 7 | Adheena Achamma James | HST(ENG) | English | MA B.Ed | 25.07.1990 |
| 8 | Aju Anna Thankachen | HST(HIN) | Hindi | MA B.Ed | 05.08.1999 |

## Non Teaching Staffs

| SL NO | Name |
|---|---|
| 1 | Roji George Jacob |
| 2 | Shajimon T M |
| 3 | Binu Chacko |
| 4 | Sini K |

# SSLC RESULT

| Year | Total Students | Passed | Percentage | Full A+ |
|---|---|---|---|---|
| 2025 March | 40 | 40 | 100% | 10 |
| 2026 | | | | |
| 2027 | | | | |
| 2028 | | | | |
| 2029 | | | | |
| 2030 | | | | |

# 6th Workingday Strength 2025-26

| Class | Boys | Girls | Total |
|---|---|---|---|
| 8A | 8 | 9 | 17 |
| 8B | 4 | 3 | 7 |
| 9A | 22 | 19 | 41 |
| 9B | 6 | 5 | 11 |
| 10A | 14 | 12 | 26 |
| 10B | 7 | 4 | 11 |
| **Total** | **61** | **52** | **113** |

# <u>കാഴ്ചപ്പാട്</u>

അറിവ് നേടുന്നതിനോടൊപ്പം ശ്രേഷ്ഠ മൂല്യവും രാഷ്ട്രസ്നേഹവും സാമൂഹിക പ്രതിബ ദ്ധതയും ഉത്തര പൗരന്മാരായ ഭാവി തലമുറയെ വാർത്തെടുക്കൽ

- വിദ്യാഭ്യാസപരവും സാമ്പത്തികവും സാമൂഹികവുമായി പിന്നാക്കം നിൽക്കുന്ന അടി സ്ഥാനവർഗത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക,

- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തൽ,

- [illegible] വികാസത്തിനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.

- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഉറപ്പാക്കൽ.

# നേട്ടങ്ങൾ

- SSLC പരീക്ഷയിൽ തുടർച്ചയായി പതിനൊന്നാം തവണ 100% വിജയം,
- Full A+ നേടിയ വിദ്യർത്ഥികളുടെ എണ്ണത്തിലുള്ള വർധനവ്.
- SS, Maths, Science, JRC തുടങ്ങിയ വിവിധ ഇനം ക്വിസ് മത്സരങ്ങളിൽ സമ്മാനത്തിനർഹരായി.
- ഉപജില്ല കലോത്സവത്തിൽ ആർഷാ അജികുമാർ, ബിന്റോ C ബെന്നി, ഡയോണ മാത്യു. അഞ്ചന അജയ്, ദീപിക, എയ്ഞ്ചലിൻ സൂസൻ സാബു എന്നിവർ സമ്മാനാർഹരായി
- ഉപജില്ല പ്രവർത്തി പരിചയമേളയിൽ ആദിത്യൻ TM, പാർവ്വതി പ്രശാന്ത് എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കി.
- ഉപജില്ല, ജില്ല സയൻസ് പ്രോജക്റ്റിൽ Kirthiko, Aleena Anna Jose A grade കരസ്ഥരാക്കി,
- ടീച്ചേർസ് സയൻസ് പ്രോജക്റ്റിൽ സംസ്ഥാന തലത്തിൽ Smt. Gracy Phip A grade കരസ്ഥമാക്കി.
- ഉപജില്ല ഗണിത ശാസ്ത്ര മേളയിൽ Anjana, Karthik എന്നിവർ Geometrical chart കാമ്പറ്റിഷനിൽ 2nd A grade ഉം Kashinath, Arun Maths Game മൂന്നാം സ്ഥാനവും കരസ്ഥമാക്കി.
- 2024-25 അദ്ധ്യയന വർഷത്തെ ജില്ലാ "സുബ്രതോ' ഫുട്ബോൾ കപ്പിൽ രണ്ടാം സ്ഥാനം സ്കൂൾ കരസ്ഥമാക്കി

- Kashinath Arun( Shotput), Joyal P Reji, Joel P Suju (Long Jump ) എന്നിവർ ജില്ലാതല മത്സരത്തിൽ പങ്കെടുത്തു വിജയികളായി,
- സംസ്ഥാനതല ഷോട്ട്പുട്ട് മത്സരത്തിൽ Kashinath Arun ഉം, ടെന്നീസ് മത്സരത്തിൽ Joel P Reji യും പങ്കെടുത്ത് സമ്മാനാർഹരായി.
- YIP പ്രോഗ്രാമിൽ Idea Submission-ൽ ജില്ലയിൽ 16ാം സ്ഥാനം നേടി. ഇതിൽ കീർത്തിക ,അയനാ സുനിൽ, എസ്.അക്ഷയ എന്നിവർക്ക് preliminary List -ൽ സെലക്ഷൻ ലഭിച്ചു.

## പരിമിതികൾ / പ്രതിസന്ധികൾ

- UP ക്ലാസ്സുകളുടെ അഭാവം.
- 3 km ചുറ്റളവിനുള്ളിൽ തന്നെ ഒന്നിലധികം ഹൈസ്കൂളുകൾ.
- ചെങ്ങന്നൂർ, തിരുവല്ല തുടങ്ങിയ പട്ടണങ്ങൾക്കടുത്ത് സ്ഥിതി ചെയ്യുന്ന ചെറിയ ഒരു ഗ്രാമമാണ് ഓതറ, 25-ൽ അധികം എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ സ്കൂൾ ബസുകൾ ഈ സ്ഥലത്ത് വന്നുപോകുന്നു.
- ഇംഗ്ലീഷ് മീഡിയത്തോടുള്ള രക്ഷിതാക്കളുടെ അന്ധമായ ഭ്രമം.
- കല, കായിക, പ്രവർത്തി പരിചയ ക്ലാസുകൾ കൈകാര്യം ചെയ്യാനായി മുഴുവൻ സമയ അധ്യാപകരുടെ അഭാവം.
- IED കുട്ടികൾക്കുള്ള special teacher ൻറെ അഭാവം.

# Student Police Cadet

The Student Police Cadet (SPC) Project is a high school-based initiative by Kerala Police implemented jointly by the Departments of Home and Education, and supported by Departments of Excise, Transport, Forest, and Local Self-Government. By being part of this disciplined system, students learn accountability and teamwork, and are trained to stand firm against social injustices and evils.

# Junior Red Cross

റെഡ് ക്രോസിന്റെ തത്വങ്ങളും ആശയങ്ങളും മനസ്സിലാക്കി പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുക്കുന്നതിലൂടെ യുവതലമുറയിൽ മാനുഷിക മനോഭാവം വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ **A,B,C ലെവലുകൾ പ്രവർത്തിച്ചു വരുന്നു.**

# Little Kites

Little Kites IT Club is a unique initiative of KITE. It gives students intense training in five areas such as Animation, Cyber Safety, Malayalam Computing, Hard-ware and Electronics. This programme helps them to secure grace marks and to improve their scores.

# <u>നല്ല പാഠം</u>

മലയാള മനോരമയുടെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയാണ് 'നല്ലപാഠം.ക്ലാസ്മുറിക്കു പുറത്തുള്ള ലോകത്തെയും അറിയാനും പഠിക്കാനും സ്നേഹഭരിതമായി ഇടപെടാനും വിദ്യാർഥികളെ സജ്ജമാക്കുന്നതിൽ നവമാതൃക തീർക്കുകയായിരുന്നു നല്ലപാഠം.സ്കൂളിൽ നല്ലപാഠം യുണിറ്റ് പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നു വരുന്നു .

## <u>Y.I.P</u>

ജീവിതപ്രശ്നങ്ങളെ പരിശോധിക്കുവാനും അപഗ്രഥിക്കുവാനും ശാസ്ത്രീയമായി സമീപിക്കുവാനും ഓരോ വിദ്യാർത്ഥികളേയും പ്രാപ്തമാക്കേ ണ്ടതിന് വിദ്യാർത്ഥികളിലെ ഗവേഷണ മനോഭാവം വിമർശനാത്മക ചിന്താശേഷി എന്നിവ വളർത്തുന്ന ഒരു പദ്ധതിയാണ് YIP യഥാർത്ഥ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് അതിനെ പരിഹരിക്കുന്നതിനുള്ള ഒരു മാർഗം സ്വയം കണ്ടെത്താൻ കുട്ടികളെ പ്രാപ്തരാക്കുവാൻ ഈ പദ്ധതി മൂലം സാധിക്കുന്നു കുട്ടികളുടെ ആശയങ്ങളെ മെച്ചപ്പെട്ട ഒരു ഉൽപ്പന്നമായി ലഭിക്കാൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും മറ്റ് സഹായങ്ങളും നൽകുന്നു. സ്കൂൾ തലത്തിൽ നിന്ന് തെരഞ്ഞെടുത്ത് സബ്ജില്ലാ തലത്തിനും പിന്നീട് ജില്ലാ തലത്തിലും പരിശീലനങ്ങൾ നൽകുന്നു.

# മലയാളം

## ഭാഷാപഠനവുമായി ബന്ധപ്പെട്ടുള്ള പ്രധാന പ്രശ്നങ്ങൾ

1. കുട്ടികളിൽ വായനാശീലം കുറയുന്നു.
2. അക്ഷരത്തെറ്റുകൾ കൂടുന്നു.
3. വ്യക്തമായും സ്ഫുടമായും വായിക്കാൻ കുട്ടികൾക്ക് കഴിയുന്നില്ല.
4. പൊതുവേദികളിൽ പ്രസംഗിക്കാൻ ആശയദാരിദ്ര്യം അനുഭവപ്പെടുന്നു
5. മൂല്യങ്ങൾ നഷ്ടമാകുന്നു
6. കൈയക്ഷരം വടിവില്ലാതാകുന്നു.

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. ഭാഷാശേഷി വികസനം
2. വായനാ ശേഷി വികസനം
3. പ്രതിഭാപോഷണ പരിപാടി
4. ലൈബ്രറി ശാക്തീകരണം
5. പഠനയാത്രകൾ
6. സ്കൂൾ പത്രം, മാസിക
7. അധ്യാപക ശാക്തീകരണം
8. കലാപരിപോഷണം
9. സാഹിത്യ ശില്പശാലകൾ
10. ദിനാചരണങ്ങൾ
11. ക്ലാസ് പി.റ്റി.എ ശക്തമാക്കൽ

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** |
|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദനിർമ്മാണം<br>4. വാക്യനിർമ്മാണം | 1 വർഷം | മലയാളം അദ്ധ്യാപകൻ |
| വായനാശീലമുള്ള കുട്ടികൾ | 1.ക്ലാസ് ലൈബ്രറിയും സ്കൂൾ ലൈബ്രറിയും നവീകരിക്കൽ<br>2.റീഡിംഗ് റൂം ക്രമീകരിക്കൽ<br>3.വായനാദിന പ്രോഗ്രാമുകൾ<br>4 പത്രവായന<br>5. മികച്ച വായനയുള്ള കുട്ടികൾക്ക് സമ്മാനം<br>6.ബാലപ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കൽ | 6 മാസം<br><br>1 വർഷം | മലയാളം അദ്ധ്യാപകൻ |
| പത്രവായന പരിപോഷിപ്പിക്കുക | 1.പരമാവധി പത്രങ്ങൾ ലഭ്യമാക്കൽ ഓരോ ക്ലാസിനും ഓരോ പത്രം<br>2.രാവിലെ അസംബ്ലിയിൽ । പത്രവാർത്തകളുടെ അവതരണം | 1 വർഷം<br><br>ദിവസേന | SRG<br><br>Class Trs.<br><br>മലയാളം അദ്ധ്യാപകൻ |
| സർഗ്ഗശേഷി വികസനം | 1.വായനാനുഭവം പങ്കു വയ്ക്കൽ<br>2.കഥാ/കവിതാ രചനാ മത്സരം<br>3.കൈയെഴുത്ത് മാഗസിൻ പ്രസിദ്ധീകരണം<br>4.സാഹിത്യകാരന്മാരുമായി സംവദിക്കൽ<br>5.സ്കൂൾ മാഗസിൻ പ്രസിദ്ധീകരണം | വർഷത്തിൽ 2 തവണ<br><br>വർഷത്തിൽ 1 തവണ<br><br>“<br><br>“ | SRG<br><br>Class Trs.<br><br>മലയാളം അദ്ധ്യാപകൻ |

| | | | |
|---|---|---|---|
| മലയാളഭാഷയുമായി ബന്ധപ്പെട്ടുള്ള ദിനാചരണങ്ങൾ | വായനാദിനം ബഷീർ ദിനം കേരളപ്പിറവി | വർഷത്തിൽ 1 തവണ | SRG |

# ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനി മയം നടത്താൻ പ്രാപ്തരാക്കുക.<br><br>2)ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.<br><br>3) സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക സ്വതന്ത്ര മായ എഴുത്തിന് സജ്ജരാ ക്കുക<br><br>4)നാടകീകരണം<br><br>5)കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു.<br><br>6)സാങ്കേതിക വിദ്യാസാ ധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജന പ്പെടുത്തുക<br><br>7) സംവാദ സദസുകൾ സംഘടിപ്പിക്കുക. | Spoken English Class<br>English Libraryനവീകരണം.<br>English Corner Story Time<br>English Cartoon പ്രദർശനം<br>English Assembly<br><br>Cinema & Documentary- Profile &Scriptതയ്യാറാക്കുന്നതിനു വേണ്ടി English Cinema യുടെ ചിലരംഗ ങ്ങൾ പ്രദർശിപ്പിക്കുന്നു.<br>Role play, English Day ആചരണം, Seminar കൾ, പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്റാക്കി ക്ബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു<br>School English Voice, അക്ഷര കാർഡ്, പദകാർഡ്, വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ ചിത്രവായന, ലഘുകഥ നിർമ്മാണം, Public Speaking, Simply Games, English പത്രവായന, പദസമ്പാദനം, പത്രവാർത്തകൾ തയ്യാറാക്കൽ, എന്റെ ഡയറി, അസംബ്ലി ന്യൂസ് വായിക ൽ, News reading competitions<br><br>English Assembly, Skit, Puppet Show, English Lab<br><br>പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Puppet Show, Skit, കഥാപ്രസംഗം എന്നീ തന്ത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു | അവധി ക്കാലം /ശനിയാഴ് ചകൾ<br><br>ക്ലാസ് റൂം പ്രവർത്ത നങ്ങളോ ടൊപ്പം<br><br>ക്ലാസ് റൂം പ്രവർത്ത നങ്ങളോ ടൊപ്പം<br><br>ക്ലാസ് റൂം പ്രവർത്ത നങ്ങൾ, അസംബ്ലി വെക്കേഷ ൻ, ശനിയാഴ് ചകൾ<br><br>വർഷത്തി ൽ രണ്ട് പ്രാവശ്യം വെക്കേഷ ൻ (ഓണം, ക്രിസ്മസ്)<br><br>അക്കാദമിക വർഷത്തിൽ ശനിയാഴ്ച കൾ/ വെക്കേഷൻ<br><br>അക്കാദമിക വർഷം രണ്ട് തവണ | PTA,Teachers<br><br>Teachers,SRG<br><br>English Teachers<br><br>English Club<br><br>PTA, SRG,Teachers English Club<br><br>Teachers,PTA,SRG<br><br>English Teachers<br><br>Teachers,PTA,SRG<br><br>Teachers,PTA,SRG | PTA,Management<br><br>English Club,Management<br><br>PTA ,English Club<br><br>PTA,Parents<br><br>English Club<br><br>PTA,SRG,Management<br><br>PTA ,English Club |

# <u>ഹിന്ദി</u>

പൊതുവായ ലക്ഷ്യങ്ങൾ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഭലപ്രദമായിഎഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

ഓരോ യുണിട്റ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.

ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ടെഷസ്നേഹവും വളർത്തിയെടുക്കുന്നു .

ഭിന്നശേശി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവു നേടാൻ പ്രാപ്തരാക്കുന്നു .

**എട്ടാംതരം**

| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** |
|---|---|---|
| അക്ഷരം,ചിന്ഹം തുടങ്ങിയവ തിരിച്ചറിയാൻ [illegible]. [illegible] ഉച്ചാരണം പരിചയപ്പെടുത്തുന്നു .അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷര മാല അടങ്ങിയ കാർഡ് നൽകുന്നു.<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br><br>ജൂൺ - ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനന \| തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കാനും [illegible] .വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പി ക്കുവാൻ കഴിയുന്നു.. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ, ചെറുകവികൾ തുട ങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ - ജനുവരി |

## ഒൻപതാം തരാം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായി ക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീ ലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം<br>ജൂൺ - ജൂലൈ |
| നാമം, സർവ്വനാമം, വിശേ ഷണം എന്നിവ മനസ്സിലാക്കു ന്നു. വാക്യഘടന പരിചയപ്പെ ടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യ ങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെ ത്തുവാൻ പറയുന്നു. ✓ കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യകാലം<br>ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറി യുന്നു.കവിത വായിച്ച് ആസ്വാദന ക്കുറിപ്പ് തയ്യാറാക്കുവാനറിയു ന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശി പ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദ നക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറ യുന്നു. | ഡിസംബർ - ജനുവരി |

## പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടു ത്തുക എന്നീ ലക്ഷ്യ ങ്ങളോടെ ഭാഷാവസ്തക ളുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാ റാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ -ജൂലൈ |
| സാഹിത്യാഭിരുചി വളർത്തു ക, ഹിന്ദിവാരാഘോഷ സമ യത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>സെപ്റ്റംബർ-ഒക്ടോബർ |
| ആശയങ്ങൾ വിവിധ തര | പാഠഭാഗത്തിലെ സന്ദർഭങ്ങൾ | ദീർഘം നവംബർ |

| | | |
|---|---|---|
| ത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റു വാനാറിയുന്നു. സ്വഭാവ സവിശേഷതകളി ന്മേൽ കുറിപ്പ് തയ്യാറാക്കുവാ നാറിയുന്നു.ഡയറി എഴുതുവാനറിയുന്നു. | നൽകുന്നു. കഥാപാത്രങ്ങലെ ആസ്പദമാക്കി, ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ജനുവരി |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | □□□□ □ |
|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ \| പഠിതാക്കൾക്കും ഉറപ്പ് \| വരുത്തുന്നു | ദശാംശ സംഖ്യ, ഭിന്നസംഖ്യ ഇവയുടെ ചതുഷ്ക്രിയകൾ | 1 വർഷം | ഗണിത അദ്ധ്യാപകൻ |
| 2.നൂതന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ഗണിത നിഘണ്ടു നിർമ്മിക്കൽ | 3 വർഷം | ഗണിത അദ്ധ്യാപകൻ |
| 3.ഗണിതം ആകർഷണീയമാക്കൽ | ജ്യാമിതീയ രൂപങ്ങളുടെ വശങ്ങൾ, കോണുകൾ, ഇവയുടെ പ്രത്യേകതകൾ(.ജ്യാമിതീയ രൂപങ്ങളുടെ വശങ്ങൾ, കോണുകൾ ഇവയുടെ പ്രത്യേകതകൾ,ജ്യാമിതീയ രൂപങ്ങളുടെ പരപ്പളവ്, ചുറ്റളവ്, വ്യാപ്തം ഇവ ഉറപ്പിക്കൽ . | 1 വർഷം | ഗണിത അദ്ധ്യാപകൻ |
| 4. ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിതലാബിൽ വച്ച് ഗണിതക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അദ്ധ്യാപകൻ |
| 5. ഗണിത മേഖലയിൽ കുട്ടിയുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ കൊണ്ട് മറ്റ് വിദ്യാലയങ്ങളിലെ) എല്ലാ വിദ്യാർത്ഥികളിലും ഗണിത താൽപര്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ ഒന്നോ രണ്ടോ തവണ | ഗണിത അദ്ധ്യാപകൻ |

# ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ പാരിസ്ഥിതിക അവബോധം വളർത്തുക | പരിസ്ഥിതിദിനം (ജൂൺ 51, പോസ്റ്റർ തയ്യാറാക്കൽ, പെയിന്റിംഗ്, ചിത്രരചന, ഐ.സി.റ്റി. (സ്ലൈഡ് പ്രസന്റേഷൻ),ക്വിസ്), പ്ലക്കാർഡ്, വൃക്ഷത്തൈ വിതരണം, വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ, സന്ദേശം, പ്രതിജ്ഞഔഷധത്തോട്ടം വിപുലപ്പെടുത്തുക, ജൈവവൈവിധ്യ രജിസ്റ്ററിന്റെ ഉപയോഗം, | ജൂൺ 3 മാസം | നേച്ചർ ക്ലബ്, സയൻസ് അദ്ധ്യാപിക |
| ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയുക. | സാംക്രമിക രോഗങ്ങളുടെ ബോധവൽക്കരണം, പേവിഷബാധ ബോധവൽക്കരണം.ചുറ്റുപാടുകളിൽ നിന്നു ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള ലളിതമായ പരീക്ഷണങ്ങൾ പാഠഭാഗവുമാ യി ബന്ധപ്പെട്ട്. | ജൂൺ | ആരോഗ്യ വകുപ്പ് സയൻസ് അദ്ധ്യാപിക |
| സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിനുമുള്ള കഴിവും മനോഭാവവും നേടുക | ബോധവൽക്കരണം ഹൃദയദിനം,എയ്ഡ്സ് ദിനം ക്യാൻസർ ദിനം, കണ്ണു പരിശോധന, | സെപ്റ്റംബർ ഡിസംബർ, ഫെബ്രുവരി,ജൂലൈ | സയൻസ് ക്ലബ് ,സയൻസ് അദ്ധ്യാപകൻ |
| ശാസ്ത്രമാസിക പതിപ്പ്, ലഘുലേഖകൾ തയ്യാറാക്കൽ | ശാസ്ത്രമാസിക തയ്യാറാക്കൽ | വർഷം മുഴുവൻ | സയൻസ് അദ്ധ്യാപിക |

| | | | |
|---|---|---|---|
| ശാസ്ത്രപ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനികശാസ് ത്രൗപക \| രണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക, ശാസ്ത്രകൗതുകം വളർത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ നിർമ്മിക്കൽ, വാനനിരീക്ഷണം, ശാസ്ത്രകിറ്റ് ശേഖരണം, പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ | വർഷം മുഴുവൻ | സയൻസ് അദ്ധ്യാപിക ,സയൻസ് ക്ലബ്. |
| ലഹരിവസ്തുക്കളുടെ ഉ പയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിൻ് ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക | ലഹരിവിരുദ്ധ ദിനാചരണം, ബോധവൽക്കരണം | ജൂൺ ,ആഗസ്റ്റ്,ജനുവരി | സ്കൂൾ സുരക്ഷ ക്ലബ്,അധ്യാപകർ |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ, ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനം പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട് ഐ.സി.റ്റി, സി.വി. രാമൻ ദിനം, ചാന്ദ്രദിനം | വർഷം മുഴുവൻ | സയൻസ് അധ്യാപകർ |

# സാമുഹിക ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു | സോഷ്യൽ സയൻസ് അദ്ധ്യാപകൻ |
| 2. ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക | സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായി അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിലെ തിരഞ്ഞെടുത്ത ദിനങ്ങൾ | സോഷ്യൽ സയൻസ് അദ്ധ്യാപകൻ |
| 3.സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സ്കൂൾ പാരലമെന്റ്, മോക്ക്, പൗരബോധം, സാമൂഹ്യസേവനം, ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | വർഷം മുഴുവനും | സോഷ്യൽ സയൻസ് അദ്ധ്യാപകൻ |
| 4.മതേതരത്വം,സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യപരിഷ്കർത്താക്കളെ പരിചയപ്പെടുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു | സോഷ്യൽ സയൻസ് അദ്ധ്യാപകൻ |
| 5. ഭൂപടവായന കുട്ടികളിൽ വളർത്തുക. സ്ഥലനിർണ്ണയം നടത്താൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. | വർഷം മുഴുവനും | സോഷ്യൽ സയൻസ് അദ്ധ്യാപകൻ |

| | | | |
|---|---|---|---|
| 6. കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം' വളർത്താം | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാകുന്നു | അക്കാദമികവർഷം മുഴുവനും | സോഷ്യൽ സയൻസ് അദ്ധ്യാപകൻ , സോഷ്യൽ സയൻസ് ക്ലബ് . |

## ഉപസംഹാരം

സർക്കാർ തലത്തിൽ നടക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി സമായോജിച്ച് വിദ്യാലയത്തെ അഭ്യുന്നതിയിലേക്ക് നയിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ് .അറിവും വിവേകവും മൂല്യങ്ങൾ ഉള്ള ഭാവിതലമുറയെ സൃഷ്ടിക്കുക വഴി ഒരു നവഭാരത സൃഷ്ടി കൈവരിക്കാൻ കഴിയട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.